(ബി) എന്തെല്ലാം ഉദ്ദേശലക്ഷ്യങ്ങളാണ് പദ്ധതി വഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) പ്രസ്തുത പദ്ധതി നടപ്പാക്കാൻ ഭരണ തലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്) :

(എ) ഉണ്ട്.

(ബി) റവന്യൂ-സർവ്വേ വകുപ്പുകളിൽ 31-10-2014 വരെ നിലവിലുണ്ടായിരുന്നതും 1-11-2014 മുതൽ 20-12-2014 വരെ ലഭിച്ചതുമായ ഫയലുകൾ സമയ ബന്ധിതമായും ബഹുമാനപ്പെട്ട റവന്യൂ മന്ത്രിയുടെ നേതൃത്വത്തിൽ പൊതു ജനങ്ങളിൽനിന്ന് പരാതികൾ നേരിട്ട് സ്വീകരിച്ചും തീർപ്പാക്കുകയായിരുന്നു അദാലത്തിന്റെ ലക്ഷ്യം. വർഷങ്ങളായി പരിഹരിക്കപ്പെടാതെ കിടക്കുന്നതും എന്നാൽ നിയമക്കുരുക്കുകളിലോ കോടതി വ്യവഹാരങ്ങളിലോ ഉൾപ്പെടാത്തതുമായ പരാതികൾക്ക് അതിവേഗം പരിഹാരം കാണുകയും ജനങ്ങൾക്ക് മികച്ച സേവനം നൽകുകയുമാണ് അദാലത്ത് കൊണ്ട് ഉദ്ദേശിച്ചത്.

(സി) ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ സംസ്ഥാനത്തെ 14 ജില്ലകളിൽ റവന്യൂ-സർവ്വേ അദാലത്ത് സംഘടിപ്പിക്കുകയും LRM, CMDRF, NFBS, പോക്കുവരവ്, അതിർത്തി നിർണ്ണയം, പട്ടയം, KLU, പ്രകൃതിക്ഷോഭം തുടങ്ങിയവയുമായി ബന്ധപ്പെട്ട് 31-10-2014 വരെ നിലവിലുണ്ടായിരുന്നതും 1-11-2014 മുതൽ 20-12-2014 വരെ ലഭിച്ചതുമായ 4,76,377 അപേക്ഷകളിൽ 4,67,515 അപേക്ഷകൾ തീർപ്പാക്കിയിട്ടുള്ളതുമാണ്. ബാക്കി അപേക്ഷകൾ തീർപ്പാക്കാനുള്ള നടപടികൾ ജില്ലാ കളക്ടർമാർ സ്വീകരിച്ചുവരികയുമാണ്.

ഇന്റർനാഷണൽ ഹയർ അക്കാദമിക് സോൺ

16(*106) ശ്രീ. എം. വി. ശ്രേയാംസ് കുമാർ :

ശ്രീ. റോഷി അഗസ്റ്റിൻ :

ഡോ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇന്റർനാഷണൽ ഹയർ അക്കാദമിക് സോൺ ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതി മുഖേന ഉന്നത വിദ്യാഭ്യാസ മേഖലയിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന നേട്ടങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത പദ്ധതിയുടെ മേൽ നോട്ടത്തിനായി അക്കാദമിക് സിറ്റി അതോറിറ്റി രൂപീകരിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്) :

(എ) സംസ്ഥാനത്ത് ഇന്റർനാഷണൽ ഹയർ അക്കാദമിക് സോൺ ആരംഭിക്കുന്നതിനുള്ള ശിപാർശ തത്വത്തിൽ അംഗീകരിച്ച് താൽപ്പര്യപത്രം ക്ഷണിച്ചിട്ടുണ്ട്.

(ബി) അന്താരാഷ്ട്രതലത്തിൽ പ്രശസ്തരായ വിദേശ സർവ്വകലാശാലകളുമായി ചേർന്ന് അന്താരാഷ്ട്രതല ബിരുദ-ബിരുദാനന്തര കോഴ്സുകളും, സ്കിൽ അടിസ്ഥാനത്തിൽ അന്താരാഷ്ട്രതലത്തിലെ നവീനവും ഭാവിയുടെ ആവശ്യങ്ങൾ നിറവേറ്റാൻ കഴിയുന്ന കോഴ്സുകൾ ചെലവ് കുറഞ്ഞ നിരക്കിൽ സംസ്ഥാനത്തിനകത്ത് ലഭ്യമാക്കാനും അതിലൂടെ പരോക്ഷമായി ഉന്നത വിദ്യാഭ്യാസ മേഖലയിലെ ഗേന്മ ഉയർത്താനും കഴിയുന്നതാണ്. കൂടാതെ സ്വദേശ-വിദേശ വിദ്യാർത്ഥികൾക്ക് ചെലവ് കുറഞ്ഞ തരത്തിൽ വിദേശ സർവ്വകലാശാലകളിലെ കോഴ്സുകൾ പഠിക്കുന്നതിന് സൗകര്യങ്ങൾ ലഭിക്കുന്നതിലൂടെ, കേരളം മികവുറ്റ ഉന്നത വിദ്യാഭ്യാസത്തിന്റെ കേന്ദ്രമാകുന്നതുമാണ്.

(സി) അക്കാദമിക് സിറ്റി അതോറിറ്റി രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇതിനായി " അക്കാദമിക് സിറ്റി ആക്ട്" എന്ന ഒരു നിയമം പാസ്സാക്കേണ്ടതുണ്ട്. ഇന്റർനാഷണൽ ഹയർ അക്കാദമിക് സോണിന്റെ ഘടനനിർവ്വഹണം ഉറപ്പുവരുത്തുക, വിദ്യാഭ്യാസ ഏജൻസികളുടെ ലൈസൻസ് പുതുക്കുക തുടങ്ങിയവ അക്കാദമിക് സിറ്റി അതോറിറ്റിയുടെ ചുമതലകളിൽപ്പെടുന്നു. സംസ്ഥാന ഉന്നത വിദ്യാഭ്യാസ വകുപ്പ്, സംസ്ഥാന ഉന്നതവിദ്യാഭ്യാസ കൗൺസിൽ, യൂണിവേഴ്സിറ്റികൾ, ദേശീയ സ്ഥാപനങ്ങൾ, കേന്ദ്ര മാനവശേഷി മന്ത്രാലയം, കേന്ദ്ര വിദേശകാര്യ വകുപ്പ് എന്നിവയുടെ പ്രതിനിധികളും അക്കാദമിക മേഖലയിൽ പ്രാവീണ്യം നേടിയ വ്യക്തികളും ഉൾപ്പെട്ടതായിരിക്കും അക്കാദമിക് സിറ്റി അതോറിറ്റി.

വിവിധ വകുപ്പുകളുടെ നിയന്ത്രണത്തിലുള്ള സർക്കാർ ഭൂമി

17(*107) ശ്രീ. പി. ബി. അബ്ദുൽ റസ്സാക്ക് :

ശ്രീ. കെ. എൻ. എ. ഖാദർ :

ശ്രീ. സി. മമ്മൂട്ടി :

ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സർക്കാരിന്റെ അധീനതയിലെ പൊതു ഭൂമി ഏതൊക്കെ വകുപ്പുകളുടെ നിയന്ത്രണത്തിലാണ് നിലനിർത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly